നം.കെഎസ്എ.കെടിഎം.പി.6.1414/2017 തീയതി 18.09.2017

**കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17**
**സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27.10.16 മുതല് 31.03.17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകള് എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകള് നൽകിയതില് 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങള് ഓഡിറ്റ് സമാപനയോഗത്തില് അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടില് ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടില് ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികള് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന് | ശ്രീ ഷൈജു എസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.8.2017 മുതല് 24.8.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം എൻ രാധാകൃഷ്ണന് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ മനു എം (22.8.17 മുതൽ) | സീനിയർ ഗ്രേഡ് ഓഡിറ്റര് |
| | ശ്രീ.ലൂക്കോസ് കുര്യൻ (17.8.17 വരെ) | ഓഡിറ്റർ (ഹ.ഗ്രേ.) |
| | ശ്രീ.ശിവരാജ് പി.(22.8.17 മുതല്) | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികള്

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ചിത്രലേഖ കെ.ആർ | 01/4/16 -31/03/17 |
| സെക്രട്ടറി | ശ്രീ എം മൊയ്തുണ്ണിക്കുട്ടി | 01/4/16 - 23/04/16<br>19/5/16 - 19/6/16<br>25/7/16 - 16/8/16<br>9/9/16 - 19/10/16 |
| | ശ്രീ.ജി.രഘുനാഥൻ,അസി.സെക്രട്ടറി<br>(സെക്രട്ടറി ഇൻചാർജ്) | 24/04/16-18/05/16<br>20/06/16-24/07/16<br>17/08/16-8/09/16<br>20/10/16-15/11/16 |
| | ശ്രീ എ.കെ ജയപ്രകാശ് | 16/11/16-31/03/17 |

നിർവ്വഹണഉദ്യോഗസ്ഥര്

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ജി രഘുനാഥൻ | 01/04/16 മുതല് 31/03/17വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശോഭിനി ടി.വി | 01/04/16 മുതല് 31/03/17വരെ |
| കൃഷിഓഫീസർ | ശോഭ പി.പി | 01/04/16 മുതല് 31/03/17വരെ |
| വെറ്ററിനറിസർജന് | എ.ജി ജിയോ | 01/04/16 മുതല് 31/03/17വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടര് | എം രാഗേഷ്<br>മനോജ് | 01/04/16 മുതല് 30/08/16 വരെ<br>01/09/16 മുതല് 31/03/17വരെ |
| വി.ഇ.ഒ | ചിഞ്ചുദിനേശ്<br>ബിജുമോൻ<br>എ.പി റജിമോൻ | 01/04/16 മുതല് 21/11/16വരെ<br>22/11/16 മുതല് 31/03/17വരെ<br>01/04/16 മുതല് 31/03/17 വരെ |
| ഐ.സി.ഡി.എസ്. | ശ്രീമോൾ | 01/04/16 മുതല് 31/03/17 വരെ |

| | | |
|---|---|---|
| സൂപ്പർവൈസര് | | |
| മെഡിക്കൽ ഓഫീസര് പി.എച്ച്.സി | ഡോ.ഹൈമി ജെയിംസ്<br>ഡോ സുധാകുമാരി വി.സി<br>ഡോ രാജേഷ്ബാബു ആർ | 01/04/16 മുതല് 07/07/16വരെ<br>08/07/16 മുതല് 30/09/16 വരെ<br>20/12/16 മുതല് 31/03/17 വരെ<br>01/10/16 മുതല് 19/12/16 വരെ |
| മെഡിക്കൽഓഫീസര് ആയുർവ്വേദം | ഷൈനി ബി | 01/04/16മുതൽ 31/3/17 വരെ |
| സബ് ഇൻസ്ട്രക്ടര് ഫിഷറീസ് | മറ്റം മെറിറ്റ് കുര്യൻ | 01/04/16മുതൽ 31/3/17 വരെ |
| ഹെഡ്മാസ്റ്റര് | സുഹറ | 01/04/16മുതൽ 31/3/17 വരെ |

<u>ഉള്ളടക്കം</u>


| ഖണ്ഡിക-നം. | വിഷയം |
|---|---|
| | ഭാഗം 1 -- പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | തനത് വരുമാനം |
| 1-7 | പദ്ധതി അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം+ |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും |
| 2-2-1 | വസ്തു നികുതി പരിഷ്ക്കരണം |
| 2-2-2 | മൊബൈൽ ടെലികമ്മ്യൂണിക്കേഷന് ടവറുകളുടെ വസ്തുനികുതി |
| 2-2-3 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു കാരണം നഷ്ടം |

| | |
|---|---|
| 2-2-4 | വസ്തുനികുതി ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്കകൾ നിർണ്ണയിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല |
| 2-3 | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ തൊഴില് നികുതി ഡിമാന്റില് ഉൾപ്പെട്ടിട്ടില്ല |
| 2-4 | ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സഹകരണ ബാങ്കിന്റെ ശാഖകളുടെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-5 | റിസോർട്ടില് നിന്നും തൊഴില് നികുതിയും ഡി ആന്റ് ഒ ലൈസൻസ് ഫീസും ഈടാക്കുന്നില്ല |
| 2-6-1 | ഷോപ്പിംഗ് കോംപ്ളക്സ് വാടക നടപടിക്രമത്തിലും രേഖകളിലും അപാകതകൾ |
| 2-6-2 | ചെമ്പ് മാർക്കറ്റിലെ കടമുറികളുടെ ലേലം--നടപടിക്രമത്തിൽ അപാകത |
| 2-6-3 | കടമുറികളുടെ വാടക കു◌ുടിശിക ഈടാക്കിയിട്ടില്ല |
| 2-7 | ഡി ആന്റ് ഒ ട്രേഡ് ലൈസൻസ്--പൊതു അപാകതകൾ |
| 2-8 | പരസ്യ നികുതി ചുമത്തുന്നതിൽ അലംഭാവം |
| 2-9 | നായ്ക്കൾക്ക് ലെ◌െസൻസ് എടുത്തില്ല--വരുമാന നഷ്ടം |
| 2-10 | കുത്തകപ്പാടം |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സ്റ്റാമ്പ് വാങ്ങൽ--സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിലില്ല |
| 3-2 | സ്യൂട്ട് രജിസ്റ്ററിൽ ചേർക്കാതെ വക്കീല് ഫീസ് നൽകി |
| 3-3 | തെരുവു വിളക്കുകൾ സ്ഥാപിക്കൽ--പ്രവർത്തനക്ഷമമാകാത്തത് സംബന്ധിച്ച് |
| 3-4 | വെള്ളക്കരം--പിഴ ഒടുക്കിയത്--വിശദീകരണം നൽകണം |
| 3-5 | ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ--മരുന്നുകൾ ലഭ്യമായിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-6 | ഭവന നിർമ്മാണം--തുക കൈപ്പറ്റിയവർ പണി പൂർത്തീകരിച്ചിട്ടില്ല |
| 3-7 | വിനിയോഗ സാക്ഷ്യപത്രം |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങള് |
| 4-3 | മൊബിലെ◌െസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടില് ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാന് അവശേഷിക്കുന്ന റിപ്പോർട്ടുകള് |

| | |
|---|---|
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയില് |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചര് സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 04/03/2016 തിയതിയിലെ 1-ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവും യഥാർത്ഥത്തിലുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 21614692 | 2375597.68 | | 19239094.32 |
| വരവ് | 75837435 | 43247338 | | 32590097 |
| ആകെ | 97452127 | 45622935.68 | | 51829191.32 |
| ചെലവ് | 95150875 | 41642014 | | 53508861 |

| | | | | |
|---|---|---|---|---|
| നീക്കിയിരിപ്പ് | 2301252 | 3980921.68 | | 1679669.68 |

യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി ബജറ്റ് പൊരുത്തപ്പെടുന്നില്ല. പ്രതീക്ഷിച്ച വരവും യഥാർത്ഥ വരവും , പ്രതീക്ഷിച്ച ചെലവും യഥാർത്ഥ ചെലവും തമ്മില് കോടികളുടെ അന്തരമുണ്ട്. സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ മനസ്സിലാക്കി ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാന് ശ്രമിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

ഓഡിറ്റ് വർഷത്തെ വാർഷിക ധനകാര്യപത്രിക യഥാസമയം ഓഡിറ്റിനായി ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകള് പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് വേളയില് പരിശോധിച്ച് സാക്ഷ്യപത്രം നൽകി | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചര് അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2375597.68 |
| വരവ് | 43247338 |
| ആകെ | 45622935.68 |
| ചെലവ് | 41642014 |
| നീക്കിയിരിപ്പ് | 3980921.68 |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ചെലവ് | സഞ്ചിത നിധിയിലേയ്ക്ക് തിരികെ പോയ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11165871 | 10254390 | 911481 | 91.8 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4285149 | 4036260 | 248889 | 94 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 73956 | 23811 | 50145 | 32 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9998778 | 4110550 | 5888228 | 41 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2976507 | 2419995 | 556512 | 81 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6262461 | 3380574 | 2881887 | 53.98 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3514451 | 1094925 | 2419526 | 31.15 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകള് നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 134 | 59848168 | 89 | 27961123 | 45 | 50.56 |

2016-17 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 490/2016/DPC/DPO/KTM തീയതി 21.09.2016 പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പ് യോഗങ്ങള് 13.6.16 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 22.6.16 തീയതിയിലും വികസനസെമിനാര് 14.7.16 തീയതിയിലും തീയതികളിലും കൂടിയിട്ടുണ്ട്.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി **(2012-17)**-അവലോകനം

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖപ്രകാരം സമഗ്രവികസനകാഴ്ചപ്പാടിലൂന്നി വിവിധമേഖലകളില് പദ്ധതികള് ആവിഷ്കരിച്ചു നടപ്പാക്കുന്നതിലും മേഖലാ മുൻഗണനാക്രമം പാലിക്കുന്നതിലും പഞ്ചായത്ത് വിജയിച്ചിട്ടുണ്ടെന്നത് 2012-17 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ വ്യക്തമാക്കുന്നു. പദ്ധതിക്കാലയളവിൽ ഉല്പാദനമേഖലയിൽ ഭക്ഷ്യവിളകളുടെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് സമഗ്രനെൽക്ക്യഷിവികസനം, ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്, തെങ്ങുകൃഷി വികസനം, ഓരുമുട്ട് നിർമ്മാണം, വിവിധ വിളകൾക്ക് രാസ-ജൈവവളങ്ങൾ ലഭ്യമാക്കല് തുടങ്ങിയവ ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ട്.

മൃഗസംരക്ഷണമേഖലയിൽ പാൽ,മുട്ട എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കന്നുകുട്ടിപരിപാലനം, മുട്ടക്കോഴിവളർത്തല് തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

സേവനപ്രദാനസംവിധാനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് കൃഷിഭവൻ, മൃഗാശുപത്രി,ഹോമിയോ-ആയുർവേദ ആശുപത്രികൾ പി.എച്ച്.സി എന്നിവയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മരുന്നുകള് വാങ്ങി നൽകുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിൽ പാലിയേറ്റീവ് കെയര് കാര്യക്ഷമമായി നടത്തിവരുന്നു. ജനറൽ,എസ്.സി.പി വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ-ഭവനപുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം, മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനസഹായം, എസ്.ടി വിഭാഗങ്ങൾക്ക് കട്ടിൽ, എസ്.സി വിഭാഗങ്ങൾക്ക് വാട്ടർകണക്ഷന്, ഡ്രൈവിംഗ് പരിശീലനം, ആശ്രയ പദ്ധതിക്ക് സഹായം, കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ്ഫണ്ട്, ഇരുചക്രവാഹനം വാങ്ങാൻ സബ്സിഡി തുടങ്ങിയ സേവനപ്രദാനമായ പ്രോജക്ടുകൾ നടപ്പാക്കി.

പശ്ചാത്തലമേഖലയിൽ വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ,ടാറിംഗ്-റീടാറിംഗ് പ്രവർത്തികള്,റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവർത്തികളാണ് പ്രധാനമായും നടപ്പാക്കിയത്.

സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതിക്കാലയളവില് ഗണ്യമായ തുക ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിനു സമീപമുള്ള ഗവ.യുപിഎസ് ബ്രഹ്മമംഗലത്തിന് ബി.ആർ.സി ട്രെയിനിംഗ് ഹാൾ നിർമ്മാണത്തിനായി 16-17 വർഷം 191596/- രൂപ ചെലവഴിച്ചു.

ഗ്രാമപഞ്ചായത്തിന്റെ സ്വപ്നപ്രോജക്ടായ പുതിയ ഗ്രാമപഞ്ചായത്ത് കെട്ടിടനിർമ്മാണം, പദ്ധതി കാലയളവിൽ ഏറ്റെടുക്കുകയും നിലവിൽ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

വിഭവസ്രോതസ്സുകളും തനതുവരുമാനവും പരിമിതമായ ഗ്രാമപഞ്ചായത്തിൽ നിർബന്ധിത വകയിരുത്തലുകൾക്കപ്പുറത്തേക്ക് പ്രോജക്ടുകൾ ഏറ്റെടുക്കല് പ്രധാന വെല്ലുവിളിയാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാള് സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തില് നികുതി വരവിലുള്ള വ്യത്യാസം (+/-) ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 2012440 | 2769432 | (+)756992 |
| നികുതിയേതര വരവുകൾ | 381190 | 777393 | (+)396203 |
| മറ്റു വരവുകൾ | 285376 | 130812 | (-)154564 |
| ആകെ | 2679006 | 3677637 | (+)998631 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങള് താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 269760 | 128 |
| കർഷകതൊഴിലാളി പെൻഷന് | 2883230 | 334 |
| വിധവാപെൻഷന് | 6579130 | 526 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷന് | 15340010 | 1712 |
| വികലാംഗപെൻഷന് | 2561445 | 258 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷന് | 607190 | 47 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/8/2017 ന് അക്കൗണ്ടന്ററിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ (12274രൂപ) കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. അഡ്വാൻസ് രജിസ്റ്റര്, ഡെപ്പോസിറ്റ് രജിസ്റ്റർ, ബില് രജിസ്റ്റര് എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ സ്യൂട്ട് രജിസ്റ്റർ, സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ എന്നിവ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല.

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെയും വൗച്ചറുകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

സ്യൂട്ട് രജിസ്റ്റർ പ്രകാരം നാളിതുവരെ 28 കേസുകളുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വക്കീൽഫീസ് കൊടുക്കുന്നത് രേഖപ്പെടുത്തുന്നതല്ലാതെ ടി കേസുകളുടെ പുരോഗതിയോ തീർപ്പാക്കല് വിവരങ്ങളോ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ പ്രതിമാസസംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

വിവിധ പത്രപ്പരസ്യങ്ങൾ നൽകിയതിന്റെ ദിനപ്പത്രങ്ങളുടെ രസീതുകള് വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടുണ്ടെങ്കിലും പരസ്യം നൽകിയ തീയതിയിലെ പത്രം വൗച്ചറുകളോടൊപ്പം സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/05/17-9/05/17 | 4/17 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.13 – 6.3.13 | 2007-08 മുതല് 2011-12 വരെ | LBA(HQ/I1/8A-1938/828/ Dt.9.4.13 |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങള്

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചര് അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന മിച്ചം -1317251 രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചര് പത്രിക പ്രകാരമുള്ള ആകെ വരുമാനം 81794568 രൂപയും ചെലവ് 83111819 രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) 45622935.68 രൂപയും ആകെ ചെലവ് (നീക്കിയിരിപ്പ് ഒഴികെ) 41642014 രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 3980921.68 രൂപയാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യപത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ ജനറൽ ഫണ്ട് കൃത്യമല്ല.
3. സഞ്ചയ-സാംഖ്യ മാപ്പിങ്ങ് പൂർത്തിയായിട്ടില്ലാത്തതിനാല് വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
4. മുൻ വർഷത്തെ കണക്കുകള് പ്രകാരം ഡി ആന്റ് ഒ ലൈസൻസ് ഇനത്തില് കുടിശ്ശികയില്ല. എന്നാൽ തൻവർഷം ടി ഇനത്തിൽ 3400/- രൂപ അരിയർ കളക്ഷനുണ്ട് (RP-43).
5. അക്കൗണ്ട് ക്ളോസ് ചെയ്തിട്ടും പ്രസ്തുത അക്കൗണ്ടുകളിലെ നാമമാത്രതുകകള് പ്രാരംഭബാക്കിയിലും നീക്കിയിരിപ്പിലും ഉൾപ്പെടുത്തിയിരിക്കുന്നു.(അക്കൗണ്ട് നം.2789, 597, UCB-678, Syndicate – 513)
6. കേരളോൽസവത്തില് 15000/- രൂപ വരവുവന്നതിൽ വൗച്ചറുകള് പ്രകാരം 8300 രൂപ ചെലവഴിച്ചിട്ടുണ്ട്. 6700/- രൂപ ബാലൻസിനു പകരം B4 ഷെഡ്യൂളില് 2160/- എന്നാണ് ചേർത്തിരിക്കുന്നത്.

7. ഗുണഭോക്തൃവിഹിതം ഇനത്തിൽ മുന് എ.എഫ്.എസ് B4 ഷെഡ്യൂളില് 140758 രൂപയാണ് ലയബിലിറ്റി. തൻവർഷം ആയത് ക്യാരീഓവർ ചെയ്ത് 145858 എന്ന് ചേർത്തിരിക്കുന്നു. ടി തുക യഥാർത്ഥ ലയബിലിറ്റിയാണോ എന്ന് വ്യക്തമല്ല.
8. B4 ഷെഡ്യൂളിലെ 320300199 കോഡിലെ 774570 രൂപ വിശദീകരിക്കപ്പെട്ടില്ല.
9. ബി12 ഷെഡ്യൂളിൽ 822.40 ഫിക്സഡ് ഡെപ്പോസിറ്റ് ബാലൻസ് കാണിച്ചിരിക്കുന്നു.ഫിക്സഡ് ഡെപ്പോസിറ്റ് രസീത് പ്രകാരം ആയത് 822.25 രൂപയാണ്.1986 ല് നിക്ഷേപിച്ച ടി തുകയുടെ പലിശവിവരങ്ങള് ലഭ്യമായില്ല.
10. കുത്തകപ്പാട്ടം, ലേലം എന്നിവയുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൊഴിൽനികുതി അരിയര് ഡിമാന്റ് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയില്ല.
11. വാടകയിനത്തിൽ മുൻ വാർഷിക കണക്കുകൾപ്രകാരം 77650/- രൂപ കിട്ടാനുണ്ട്. ആയതിൽ തൻവർഷ കളക്ഷനായ 35398/- കിഴിച്ചാൽ 42252/- രൂപ ബാലൻസുണ്ട്. എന്നാൽ എ.എഫ്.എസിൽ ബാലൻസ് 32780/- രൂപയാണ്(B15)
12. വിവിധ വരവിനങ്ങളുടെ ഡി.സി.ബി നിർണ്ണയിച്ചിട്ടില്ല.

## 2-2-1 വസ്തുനികുതി പരിഷ്ക്കരണം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും)ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പരിഷ്ക്കരണം ഗ്രാമപഞ്ചായത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. 1993-94ലെ അസ്സമെന്റ് രജിസ്റ്റർ പ്രകാരമുള്ള ആകെ 6390 കെട്ടിടങ്ങളുടെയും ഡേറ്റാ എൻട്രി(ബേസ് ഡേറ്റാ) സഞ്ചയയിൽ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഇവയില് 6379 കെട്ടിടങ്ങളുടെ മാത്രമേ ഫോറം 6 ജനറേറ്റ് ചെയ്ത്, ഡിജിറ്റൽ സൈന് ചെയ്തിട്ടുള്ളൂ. ബാക്കി കെട്ടടങ്ങളെയും അപ്രൂവ് ചെയ്ത് സഞ്ചയ ഡേറ്റാബേസ് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം എസ്)144/2015, 26.12.2015-ലെ ജി.ഒ.(എം.എസ്) 358/2015 എന്നിവ പ്രകാരം സർക്കാര് പ്രഖ്യാപിച്ച ഇളവുകൾക്കനുസ്യൃതമായുള്ള മാറ്റങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ ഇന്റഗ്രേഷന് നടത്തി 2013-14ന് ശേഷം സാംഖ്യ പ്രകാരം സ്വീകരിച്ച വസ്തുനികുതിയുടെ രസീതുകള് സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല. ആകെയുള്ള 8519 രസീതുകളില് 7378 എണ്ണമാണ് മാപ്പ് ചെയ്തിട്ടുള്ളത്. ആവശേഷിക്കുന്ന 1141 രസീതുകളുടെ ഡിസ്ക്രിപൻസി പരിഹരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. മാപ്പിംഗ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാല് സാംഖ്യയിൽ നിന്നും സഞ്ചയയില് നിന്നുള്ളതുമായ വസ്തുനികുതി കളക്ഷന് തുകയിൽ വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| കളക്ഷൻ | സാംഖ്യ പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|
| കറന്റ് (റസിഡൻഷ്യല് + നോൺ | 1145171 | 1172613 |

| | | |
|---|---|---|
| റസിഡൻഷ്യൽ) | | |
| അരിയർ (റസിഡൻഷ്യല് + നോൺ റസിഡൻഷ്യൽ) | 617472 | 751211 |

'Discrepency Solving Steps' ലൂടെ അപാകതകൾ പരിഹരിച്ച് മാപ്പിംഗ് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇ-പേയ്മെന്റ് ആക്ടിവേറ്റ് ചെയ്ത് വസ്തുനികുതി ഓൺലൈനായി സ്വീകരിക്കുന്നതിന് കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

## 2-2-2 മൊബൈൽ ടെലികമ്മ്യൂണിക്കേഷന് ടവറുകളുടെ വസ്തുനികുതി

ജി.ഒ.(പി) 19/2011/ത.സ്വ.ഭ.വ, 14.1.11 ന്റെ അടിസ്ഥാനത്തില് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈല് ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി 500/- രൂപയായി 2013-14 വർഷം പ്രാബല്യത്തില് പരിഷ്കരിക്കുകയും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.11.2011 ലെ IV-ാം നമ്പർ തീരുമാനപ്രകാരം ഒരു ചതുരശ്ര മീറ്ററിന് 500/- രൂപ നിരക്കില് ഡിമാന്റ് ചെയ്തിട്ടുണ്ട് എങ്കിലും നാളിതുവരെ നികുതി ഒടുക്കിയിട്ടില്ല. സഞ്ചയ പ്രോപർട്ടി ടാക്സ് മൊഡ്യൂൾ പ്രകാരം 7 മൊബൈല് ടവറുകളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്. വിശദംശം ചുവടെ ചേർക്കുന്നു.

| ക്രമ | വാർഡ് നം/ കെട്ടിട നം | ടവർ സ്ഥാപിച്ച കമ്പനിയുടെ പേരും വിലാസവും | വിസ്തീർണ്ണം ച. മീറ്ററിൽ | നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത നികുതി (ച.മീറ്ററിന് 500 രൂപ നിരക്കിൽ- ബാധകമായ ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം) (രൂപ) | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1 | 1/416 | ഭാരതി ഇൻഫ്രാടെല് ലിമിറ്റഡ്, കൊച്ചി | 8 | 4,400 | 2011-12 മുതല് |
| 2 | 6/278 A | ഭാരത് മൊബൈൽ ടവര്, കൊച്ചി | 3.75 | 2,063 | 2010-11 മുതല് |
| 3 | 7/76 A | ബി എസ് എൻ എല് | 6 | 3,600 | 2013-14 മുതല് |
| 4 | 7/265 | ഇൻഡസ് ടവർസ് ലിമിറ്റഡ്, | 14 | 7,000 | 2011-12 മുതല് |

| | | | | | |
|---|---|---|---|---|---|
| | | പാലാരിവട്ടം | | | |
| 5 | 12/395 A | ഭാരതി എയർടെല് ലിമിറ്റഡ്, കൊച്ചി | 6 | 3,600 | 2013-14 മുതല് |
| 6 | 12/395 B | എയർസെല് ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 15 | 9,000 | 2013-14 മുതല് |
| 7 | 12/395 C | ടവർ വിഷന് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് | 5 | 3,000 | 2013-14 മുതല് |

ടവറുകളുടെ അനുബന്ധ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം പുനപരിശോധിക്കേണ്ടതും, അനുബന്ധ കെട്ടിടങ്ങളുടെയും തറവിസ്തീർണ്ണം കണക്കാക്കി ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പ് 19.10.2014 ല് പുറപ്പെടുവിച്ച സർക്കുലര് നം.40395/RC2/2014/LSGD വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ പ്രകാരം അനധികൃത മൊബൈൽ ടവറുകള് കണ്ടെത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കേണ്ടതുമാണ്.

## 2-2-3 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു കാരണം നഷ്ടം

പി.എം. സൈനുദ്ദീൻ എന്ന വ്യക്തിക്ക് 2013-14 വർഷം എ.4-714/14 പെർമിറ്റ് പ്രകാരം 431.78 ച.മീറ്റർ (താഴത്തെ നില- 236.70 ച.മീ, ഒന്നാം നില- 195.08 ച.മീ) തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. 2014-15 വർഷം നിർമ്മാണം പൂർത്തീകരിച്ച 234 ച.മീ തറവിസ്കീർണ്ണമുള്ള താഴത്തെ നിലക്ക് 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവക്ക് ബാധകമായ ച.മീറ്ററിന് 80/- രൂപ നിരക്കില് (ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.11.2011 ലെ IV-ാം നമ്പർ തീരുമാനം) 20,592 രൂപ (ബാധകമായ ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം) വസ്തുനികുതി 2014-15 2-ാം അർദ്ധവർഷം പ്രാബല്യത്തില് നിർണ്ണയിച്ചിരുന്നു. കെട്ടിടത്തിന്റെ ഉൾഭാഗം പ്രത്യേകം മുറികളായി തിരിച്ചെന്നും ഓരോ മുറിക്കും ഓരോ നമ്പർ നൽകണമെന്നും ടിയാന് 23.03.2016ൽ അപേക്ഷിച്ചതിനെ തുടർന്ന് വസ്തുനികുതി പുനർനിർണ്ണയിച്ചു നൽകി. എന്നാൽ വസ്തുനികുതി പുനർനിർണ്ണയിച്ചത് പരിശോധിച്ചതിൽ പ്രത്യേകം മുറികളായി തരംതിരിച്ച ഓരോ ഭാഗത്തിനും വിവിധ നമ്പരുകള് നല്കി, 100ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കു ബാധകമായ ഒരു ച.മീറ്ററിന് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ഥ ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ്. എന്നാൽ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വാണിജ്യാവശ്യമെന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ താഴെ വിവരിക്കും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| വാർഡ്/കെട്ടിടനം | വിസ്തീർണ്ണം (ച..മീ) | നിർണയിച്ച നികുതി (അടിസ്ഥാന നികുതി ച.മീറ്ററിന് 50/-രൂപ, റോഡ് തരം വർദ്ധനവ് 20%) | നിർണയിക്കേണ്ട നികുതി (അടിസ്ഥാന നികുതി ച..മീറ്ററിന് 60/- രൂപ, റോഡ് തരം വർദ്ധനവ് 20%) |
|---|---|---|---|
| XIV/245 A | 29 | 1740 | 26784 |
| XIV/ 245 B | 32 | 1900 | |
| XIV/ 245 C | 17 | 1020 | |
| XIV/ 245 D | 17 | 1020 | |
| XIV/ 245 E | 46 | 2760 | |
| XIV/ 245 F | 34 | 2040 | |
| XIV/ 245 G | 95 | 5700 | |
| XIV/ 245 H | 49 | 2940 | |
| XIV/ 245 I | 53 | 3180 | |
| ആകെ | 372 | 22300 | 26784 |

പ്രത്യേകം നമ്പറിങ്ങ് നടത്തിയതുമൂലം വസ്തുനികുതിയിലുണ്ടായ കുറവ് പ്രതിവർഷം 4,484/- രൂപയാണ് (26,784-22,300). വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2-4 വസ്തുനികുതി ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള അടിസ്ഥാനവസ്തുനികുതി നിരക്കുകൾ നിർണ്ണയിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല

വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ താഴെ പറയുന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

| ഉപയോഗക്രമം | കുറഞ്ഞനിരക്ക് | കൂടിയനിരക്ക് |
|---|---|---|
| സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് | 3 | 8 |
| മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങള് | 150 | 160 |

എന്നാൽ പഞ്ചായത്ത് ഭരണസമിതി മേൽ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ തീരുമാനിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല. ആയതിനാൽ മേല് ഗണത്തിൽപ്പെട്ട കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതും നിരക്കുകള് സഞ്ചയ പ്രോപർട്ടി ടാക്സ് മൊഡ്യൂളില് ഉൾപ്പെടുത്തേണ്ടതുമാണ്.

## 2-3 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ തൊഴില് നികുതി ഡിമാന്റിന് ഉൾപ്പെട്ടിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങള് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരമുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല (2016-17 തൊഴില് നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം). ടി സ്ഥാപനങ്ങളുടെയും അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാൽ 2016-17 വർഷം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു. ചെമ്പ് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും പഞ്ചായത്ത് തൊഴില് നികുതി ഡിമാന്റ് ചെയ്യാത്ത ധനകാര്യ സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ധനകാര്യ സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ഐയാംകലത്ത് ഫിനാൻസിയേഴ്സ്, സെന്റ് തോമസ് ചർച്ച് ബിൽഡിങ്ങ്, ചെമ്പ്. |
| 2. | ആൻ ഫിനാൻസ് & ഇൻവെസ്റ്റ്മെന്റ്, വാഴത്തറ ബിൽഡിങ്ങ്, മുറിഞ്ഞപുഴ, ചെമ്പ്. |
| 3. | ചെറുകോത്ത് ഇൻവെസ്റ്റേഴ്സ്, ചെറുകോത്ത് ബിൽഡിങ്ങ്, ചെമ്പ് മാർക്കറ്റിന് സമീപം. |
| 4. | ഇല്ലത്തുകാലായിൽ ഫിനാൻസ്, ഇല്ലത്തുകാലായിൽ ബിൽഡിങ്ങ്, ബ്രഹ്മമംഗലം. |
| 5. | നാഷണൽ ബാങ്കേഴ്സ് & ഇൻവെസ്റ്റേഴ്സ്, കലങ്ങറയിൽ, എനാദി പി.ഒ., ചെമ്പ്. |
| 6. | എസ് & എസ് ഫിനാൻസിയേഴ്സ്, കുര്യത്തുംവേലി ബിൽഡിങ്ങ്, മുറിഞ്ഞപുഴ, ചെമ്പ്. |
| 7. | തീരേഴത്ത് ഫിനാൻസിയേഴ്സ്, സെന്റ് തോമസ് ചർച്ച് ബിൽഡിങ്ങ്, ചെമ്പ്. |
| 8. | സ്റ്റാർ ഫിനാൻസിയേഴ്സ്, മ്യാലിൽ ഹൗസ് ബിൽഡിങ്ങ്, ബ്രഹ്മമംഗലം. |

മേൽപറഞ്ഞ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഇൌടാക്കാത്തതിനാല് പഞ്ചായത്തിന് ഇൗയിനത്തിൽ വരുമാന ചോർച്ച സംഭവിച്ചു. അപാകതയ്ക്കും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/23.08.2017) പരാമർശിച്ച സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഇൌടാക്കുന്നതാണ് എന്നറിയിച്ചു. മേൽപറഞ്ഞ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ 2016-17 വർഷത്തെ സ്ഥാപന തൊഴിൽ നികുതിയും സഥാപനങ്ങളില് ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഇൌടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 2-4 ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സഹകരണ ബാങ്കിന്റെ ശാഖകളുടെ തൊഴിൽ നികുതി ഇൌടാക്കിയില്ല

ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.2966 ബാങ്കിന്റെ മൂന്ന് ശാഖകളുടെ സ്ഥാപന തൊഴിൽ നികുതി 2016-17 വർഷത്തില് ഡിമാന്റ് ചെയ്ത് ഇൌടാക്കിയിട്ടില്ല എന്ന് കാണുന്നു. ബ്രഹ്മമംഗലം ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രസ്തുത ബാങ്കിന് ചെമ്പ്, കാട്ടിക്കുന്ന്, ചാലുങ്കൽ എന്നിവിടങ്ങളിലായി മൂന്ന് ശാഖകൾ ഉണ്ട്. തൻവർഷം ആസ്ഥാന ഓഫീസിന്റെ സ്ഥാപന തൊഴിൽ നികുതി 2,500/- രൂപ മാത്രമാണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളത് (ഡിമാന്റ് രജിസ്റ്റർ പ്രകാരം).

` മേൽപറഞ്ഞ സഹകരണ ബാങ്കിലെ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ചീഫ് അക്കൗണ്ടന്റ്, മൂന്ന് ബ്രാഞ്ച് മാനേജർമാര് എന്നിവരുൾപ്പടെ 20 ജീവനക്കാരുടെ തൊഴില് നികുതി അടവാക്കിയിട്ടുണ്ട് (ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ഇനം.10). കൂടാതെ പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ വിനിയോഗവും പ്രസ്തുത ബാങ്കിലെ അക്കൗണ്ട് വഴിയാണ് നടത്തുന്നത്(അക്കൗണ്ട് നം.256). ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സഹകരണ ബാങ്കിന്റെ മൂന്ന് ശാഖകളുടെ സ്ഥാപന തൊഴിൽ നികുതിയിനത്തില് 7,500/- രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/23.08.2017) ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചു. മേൽപറഞ്ഞ സഹകരണ ബാങ്കിന്റ 3 ശാഖകളുടെയും സ്ഥാപന തൊഴില് നികുതി ഇൌടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശങ്ങള് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 റിസോർട്ടില് നിന്നും തൊഴില് നികുതിയും ഡി & ഓ ലൈസൻസ് ഫീസും ഇൌടാക്കുന്നില്ല

സന്തോഷ് ജോർജ് കുളങ്ങര എന്ന വ്യകതിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങള്, റിസോർട്ടുകള് എന്ന വിഭാഗത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച സ്ഥാപനം, പഞ്ചായത്തിന്റെ 14-ാം വാർഡില് പ്രവർത്തിക്കുന്നുണ്ട് (കെട്ടിട നം.14/485 മുതല് 494 വരെ). എന്നാൽ ടി സ്ഥാപനത്തിന്റെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരമുള്ള തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ തൻവർഷം ഇൌടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിന് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ഡി & ഓ ട്രേഡ് ലൈസൻസ് നൽകുകയോ ചട്ടപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ഡി & ഓ ട്രേഡ് ലൈസൻസ് എടുക്കാതെയും തൊഴില് നികുതി ഒടുക്കാതെയും റിസോർട്ട് സ്ഥാപനം 2016-17 വർഷം പ്രവർത്തിച്ചത് മേൽപറഞ്ഞ നിയമത്തിന്റയും ചട്ടങ്ങളുടെയും വ്യക്തമായ ലംഘനമാണ്. നികതി, ഫീസ് എന്നീ ഇനങ്ങളിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടവും സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/23.08.2017) ടി റിസോർട്ടിന് ഡി ആന്റ് ഒ ലൈസൻസ് നൽകുന്നതിനും, റിസോർട്ടിലെ ജീവനക്കാരിൽ നിന്നും തൊഴില് നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിയ്ക്കുന്നതാണെന്ന് മറുപടി നൽകി. റിസോർട്ടിന്റെ 2016-17 വർഷത്തെ സ്ഥാപന തൊഴില് നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി, ഡി & ഓ ട്രേഡ് ലൈസൻസ് ഫീസ് എന്നിവ ഇൌടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6-1 ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക-നടപടിക്രമങ്ങളിലും രേഖകളിലും അപാകതകൾ

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ വാടകയ്ക്ക് നല്കുന്നതിനുള്ള നടപടിക്രമങ്ങളിലും രേഖകളുടെ സൂക്ഷിപ്പിലും ധാരാളം അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. അപാകതകളും അവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള വ്യവസ്ഥകള് പ്രസ്താവിക്കുന്ന ബൈ-ലോ നിലവിലില്ല. മുറികൾ വാടകയ്ക്ക് നൽകുമ്പോള് വ്യക്തമായ വ്യവസ്ഥകളുള്ള ബൈ-ലോ തയ്യാറാക്കേണ്ടതും വാടകയ്ക്ക് നൽകുന്ന നടപടികൾ അതിനനുസൃതമായി ക്രമീകരിക്കേണ്ടതുമാണ്.

2. ഷോപ്പിങ്ങ് കോംപ്ലക്സ് വാടക രജിസ്റ്ററിൽ മുറികളെ സംബന്ധിക്കുന്ന എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തുന്നില്ല. കെട്ടിട നം, കെട്ടിടത്തിന്റെ പേര്, മുറി നം, കുത്തകക്കാരന്റെ മേൽവിലാസം, ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ, നിർണ്ണയിച്ച മാസവാടക, വാടകയുടെ ഒടുക്കിന്റെ വിശദാംശം തുടങ്ങിയ എല്ലാ വിവരങ്ങളും രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.
3. മുറികളുടെ വിവരങ്ങളടങ്ങിയ ഇൻഡക്സ് തയ്യാറാക്കിയിട്ടില്ലാത്തതിനാല് ആകെ എത്ര മുറികളാണ് വാടകയ്ക്കു നൽകാന് സാധിക്കുന്നത്, നിലവിൽ ഏതെല്ലാം കുത്തകക്കാരാണ് ഉള്ളത്, ഒഴിഞ്ഞുകിടക്കുന്ന മുറികൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. വാടകയുടെ അടവാക്കൽ നിരീക്ഷിക്കുന്നതിനുള്ള ഡിമാന്റ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല.
4. വാടക ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. വാടക കണക്കുകളുടെ ഡി.സി.ബി. പത്രിക തയ്യാറാക്കി അതിന്റെ ആകെത്തുകയിൽ നിന്നും ഡി.സി.ബി.-സംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.
5. കുത്തകക്കാർ സെക്യൂരിറ്റി നിക്ഷേപം ഒടുക്കാതെ തുടരുന്നതിനാല് കരാര് ഒഴിയുമ്പോള് അവരുടെ ബാദ്ധ്യതകൾ ക്രമീകരിക്കുന്നതിന് സാധ്യമാകാതെ വരുന്നു. എല്ലാ കുത്തകക്കാരിൽ നിന്നും സെക്യൂരിറ്റി നിക്ഷേപതുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി സാംഖ്യ കണക്ക് ശീർഷകം 340200101-Rent Deposit-ൽ സൂക്ഷിക്കേണ്ടതാണ്.
6. വാടക കുടിശിക ഡിമാന്റ് രജിസ്റ്ററിൽ വിശദാംശങ്ങള് രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ധനകാര്യ പത്രിക പ്രകാരമുള്ള കുടിശിക ഏതെല്ലാം കുത്തകക്കാരാണ് ഒടുക്കാനുള്ളത് എന്ന് വ്യക്തമല്ല.

വാടക നടപടിക്രമങ്ങൾ, വാടക രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, വാടക സെക്യൂരിറ്റി നിക്ഷേപം എന്നീ വിഷയങ്ങളിലുള്ള അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## 2-6-2 ചെമ്പ് മാർക്കറ്റിലെ കടമുറികളുടെ ലേലം- നടപടിക്രമങ്ങളില് അപാകത

ചെമ്പ് മാർക്കറ്റില് പുതിയതായി പണികഴിപ്പിച്ച 4 കടമുറികള് 08.03.2016 ലെ A7/2075/16 നമ്പര് ലേല നോട്ടീസ് പ്രകാരം 28.03.2016ൽ ലേലം ചെയ്തിരുന്നു. ലേല നടപടിക്രമത്തിൽ കണ്ടെത്തിയ അപാകതകള് ചുവടെ ചേർക്കുന്നു.

1. കടമുറി നമ്പർ 2,3,4 എന്നിവയുടെ ലേലത്തില് 2 പേര് വീതം പങ്കെടുത്തിട്ടുണ്ടെങ്കിലും ഇവയുടെയെല്ലാം ലേലത്തിൽ പങ്കെടുത്ത കെ എൻ കാർത്തികേയന്, കുടകംപള്ളിച്ചിറ എന്ന വ്യക്തി മാത്രം ഓരോ കടമുറിക്കും 1,100 രൂപ ലേലം വിളിക്കുകയും 3 മുറികളും 1,100 രൂപക്ക് ടിയാന് ലേലം ഉറപ്പിച്ചു നൽക്കുയും ചെയ്തു (പഞ്ചായത്ത് കമ്മിറ്റിയുടെ 30.03.2016 ലെ I(1)(B) നമ്പർ തീരുമാനം). ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവര് ആരും ലേലം വിളിക്കാത്ത സാഹചര്യത്തിൽ, പുനർലേലം ചെയ്യാതെ ടിയാൾക്കുതന്നെ ലേലം ഉറപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല.
2. ലേലംകൊള്ളുന്നവർ 25,000/- രൂപ വീതം ഓരോ കടമുറിക്കും പലിശരഹിത ഡെപ്പോസിറ്റായി പഞ്ചായത്തിൽ ഒടുക്കണമെന്നാണ് ലേല വ്യവസ്ഥയെങ്കിലും അപ്രകാരം തുക ഈടാക്കിയിട്ടില്ല.

3. ലേലം കൊണ്ടവരുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടിട്ടില്ല. മുദ്രപത്രങ്ങൾ രേഖപ്പെടുത്തലുകൾ ഒന്നും വരുത്താതെ ലേല ഡയറിയോടൊപ്പം സൂക്ഷിച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്.

പ്രസ്തുത കുത്തകക്കാർക്കുതന്നെ 2017-18 വർഷവും കടമുറികള് പ്രതിമാസ വാടകയില് 10% വർദ്ധനവ് വരുത്തി നൽകിയിട്ടുണ്ട് (പഞ്ചായത്ത് കമ്മിറ്റിയുടെ 15.02.2017 ലെ തീരുമാനം). കുത്തകക്കാരിൽ നിന്നും ലേല ഡെപ്പോസിറ്റ് അടിയന്തിരമായി ഈടാക്കേണ്ടതും നിയമാനുസൃതകരാറിൽ ഏർപ്പെടേണ്ടതുമാണ്. 2,3,4 നമ്പര് കടമുറികള് ക്രമപ്രകാരമല്ലാതെ ലേലം ചെയ്തതിനാൽ പഞ്ചായത്തിന്റെ ഉത്തമതാൽപര്യം സംരക്ഷിക്കാതിരിക്കുകയും വരുമാനനഷ്ടം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കടമുറികൾ 2018-19 വർഷം പുനർലേലം ചെയ്യേണ്ടതാണ്.

## 2-6-3 കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതില്, പഞ്ചായത്തിന്റെ താഴെ ചേർക്കുന്ന കടമുറികളുടെ 2016-17 വർഷത്തെ വാടക കുടിശിക ഈടാക്കിയിട്ടില്ല എന്ന കാണുന്നു.

| ക്രമ നമ്പർ | പേര് | മുറി നമ്പർ | പ്രതിമാസ വാടക | കാലവധി | തുക |
|---|---|---|---|---|---|
| 1 | സുരേന്ദ്രൻ, കിഴക്കേപ്പറമ്പ് | 7/569 A | 690 | 10/2016 | 690 |
| 2 | ചിത്രാംശു, കിളിക്കൂട്ടിൽ | 4/460 F | 799 | 04/2016 | 799 |
| 3 | രാധാകൃഷ്ണൻ, മേത്തശ്ശേരില് | 4/460 E | 997 | 04/2016 | 997 |
| 4 | പി എൻ രഘു, പടിഞ്ഞാറെത്തെപ്പറമ്പിൽ | 4/640 D | 799 | 07/2016-03/2017 | 7,191 |
| 5. | മനോജ്, ഡിസൈൻസ് | 4/460 B | 1143 | 04/2016-03/2017 | 13,716 |
| ആകെ | | | | | 23,393 |

പ്രസ്തുത കുത്തകകാർക്കു തന്നെ 2017-18 വർഷവും പ്രതിമാസ വാടകയില് 10% വർദ്ധനവ് വരുത്തി നൽകിയിട്ടുണ്ട് (ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.02.2017ലെ തീരുമാനം). വാടക കുടിശ്ശിക ഉണ്ടായിരിക്കെ തുടർവർഷവും മുറികൾ വാടകക്ക് നൽകിയ നടപടി ക്രമപ്രകാരമല്ല. 4/460 B നമ്പർ കടമുറിയുടെ കുത്തകക്കാരൻ മുൻവർഷം വരുത്തിയ കുടിശ്ശികയും ഈടാക്കിയിട്ടില്ല (മുൻ ഓഡിറ്റ് റിപ്പോർട്ട് ഖ.2.5). ആയതിനാൽ ടിയാന് കടമുറി അനധികൃതമായി കൈവശം

വച്ചിരിക്കുകയാണെന്ന് കരുതേണ്ടിയിരിക്കുന്നു. ടിയാനെ ഒഴിപ്പിക്കേണ്ടതും കുടിശ്ശിക വാടക, റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. മറ്റ് വാടകക്കാരിൽ നിന്നും കുടിശികയുൾപ്പെടെ വാടക അടിയന്തിരമായി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-7 ഡി & ഓ ട്രേഡ് ലൈസൻസ് - പൊതു അപാകതകള്

2016-17 വർഷത്തെ ഡി & ഓ ട്രേഡ് ലൈസൻസ് സംബന്ധിച്ച പൊതു അപാകതകളും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

1. പഞ്ചായത്ത് പരിധിയിലുള്ള ട്രെയ്ഡേഴ്സിന്റെ വാർഡ് അടിസ്ഥാനത്തില് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. നിലവിലുള്ള ട്രെയ്ഡേഴ്സ് ലിസ്റ്റിൽ 205 എണ്ണം ട്രെയ്ഡേഴ്സ് മാത്രമാണുള്ളത്. ട്രെയ്ഡറെ സംബന്ധിച്ച എല്ലാ വിശദാംശവും രജിസ്റ്ററില് ചേർക്കുന്നില്ല (സ്ഥാപനത്തിന്റെ പേര്, വിലാസം, വാണിജ്യ-വ്യവസായത്തിന്റെ ഇനം തുടങ്ങിയവ). അപാകത പരിഹരിച്ച് ട്രെയ്ഡേഴ്സ് ലിസ്റ്റ് കൃത്യമായി തയ്യാറാക്കേണ്ടതാണ്.
2. 2016-17 വർഷം, ഡി & ഓ ട്രേഡ് ലൈസൻസ് ഡിമാന്റ് രജിസ്റ്റര് പ്രകാരം 157 എണ്ണം ലൈസൻസാണ് നൽകിയത്. നിലവിലുള്ള ട്രെയ്ഡേഴ്സ് ലിസ്റ്റിൽ 205 എണ്ണം ട്രെയ്ഡേഴ്സ് ഉള്ളത് ധാരാളം വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ തൻവർഷം പ്രവർത്തിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്നു.
3. ഡി & ഓ ട്രേഡ് ലൈസൻസ് അപേക്ഷകളിൻമേല് അന്വേഷണം നടത്തി ലൈസൻസ് ഫീസ് നിശ്ചയിക്കുന്ന മാനദണ്ഡമായ ശരാശരി വിറ്റുവരവ് അന്വേഷണ റിപ്പോർട്ടില് രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ശരാശരി ദിവസ വിറ്റുവരവ്, യന്ത്രസാമഗ്രികളുടെ ക്ഷമത എന്നിങ്ങനെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് നിർണ്ണയിച്ചാണ് ലൈസൻസ് നൽകേണ്ടത്.
4. സഞ്ചയ സോഫ്റ്റ്വെയറിലെ റവന്യൂ മൊഡ്യൂളിലെ വിശദാംശം പ്രകാരം 800 എണ്ണത്തിലധികം കെട്ടിടങ്ങൾ വാണിജ്യ-വ്യവസായങ്ങൾ എന്ന ആവശ്യത്തിനായി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത അസസ്മെന്റ് അടിസ്ഥാനപ്പെടുത്തി ലൈസൻസിനായി ട്രെയ്ഡേഴ്സിന്റെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
5. ഡി & ഓ ട്രേഡ് ലൈസൻസ് ഡിമാന്റ് രജിസ്റ്ററില് ലൈസൻസ് ഫീസിന്റെ പോസ്റ്റിങ്ങ് കൃത്യമായി നടത്തേണ്ടതും ഡി.സി.ബി. തയ്യാറാക്കേണ്ടതുമാണ്.

മേൽപറഞ്ഞ അപാകതകൾ അടിയന്തിരമായി പരിഹരിച്ച് ഡി & ഓ ട്രേഡ് ലൈസൻസ് നടപടികള് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-8 പരസ്യ നികുതി ചുമത്തുന്നതിൽ അലംഭാവം

ചെമ്പ് ടൗൺ, കാട്ടിക്കുന്ന് പ്രദേശം എന്നിവിടങ്ങളില് വൈക്കം-എറണാകുളം റോഡ് കടന്നുപോകുന്ന പ്രദേശങ്ങളിൽ

നിരവധി പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള പരസ്യങ്ങൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരമുള്ള പരസ്യ നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പരസ്യ നികുതി ചുമത്തുന്നതിന് കുറഞ്ഞ നികുതി സംബന്ധിച്ച നിർദ്ദേശങ്ങള് 25.07.2002 ലെ സ.ഉ.(പി).128/02/തസ്വഭവ ഉത്തരവിൽ സക്ര്കാര് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകള് ചേർത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ബൈ-ലോ തയ്യാറാക്കി പരസ്യ നികുതി ചുമത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-9 നായ്കൾക്ക് ലൈസൻസ് എടുത്തില്ല- വരുമാന നഷ്ടം

വെറ്ററിനറി സർജന് നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ പേ വിഷനിയന്ത്രണം എന്ന പ്രോജക്ട് പ്രകാരം (നമ്പർ 107/17) 328 നായ്കൾക്ക് കുത്തിവെയ്പ്പ് എടുത്തിട്ടുണ്ട്. 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം 10 രൂപ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ലൈസൻസില്ലാതെ പട്ടികളെ വളർത്തിയാല് 250 രൂപ വരെ പിഴ ഈടാക്കേണ്ടതും പിന്നീട് ഓരേ ദിവസത്തേക്കും കുറ്റസ്ഥാപനത്തിൻമേല് 50 രൂപ വീതം ഓരോ ദിവസത്തേക്കും പിഴ ശിക്ഷ ചുമത്താവുന്നതുമാണ്. വാർഷിക കണക്കുകളിലെ RP4 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിലുള്ള ലൈസൻസ് ഫീസ് വരവ് 230 രൂപയാണ്. ലൈസൻസ് ഫീസ് ഇനത്തിൽ തന്നെ 3050 രൂപ നഷ്ടമുണ്ടായി (3280-230). ലൈസൻസ് ഫീ ഡിമാന്റ് ചെയ്യാത്തതിനാൽ ലഭ്യമാകാവുന്ന പിഴയിനത്തിലുള്ള വരവുകൂടി നഷ്ടമായി.

അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. തനത് വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിൽ വരവിനത്തില് നഷ്ടമുണ്ടാകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 2-10 കുത്തകപാട്ടം

ഗ്രാമപഞ്ചായത്ത് കുത്തകപാട്ടത്തിനു നൽകിയിട്ടുള്ള ഭൂമി സംബന്ധിച്ച യാതൊരു വിവരവും പഞ്ചായത്തിൽ നിലവില് ലഭ്യമല്ല. വാർഷിക ധനകാര്യപത്രിക പ്രകാരം ഈയിനത്തിലുള്ള കുടിശ്ശിക രേഖപ്പെടുത്തി ഒരു രജിസ്റ്റര് സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മുന് വർഷങ്ങളില് സൂക്ഷിച്ചിരുന്ന രജിസ്റ്ററിൽ കുത്തകപ്പാട്ടക്കാരുടെ പേര്, കുത്തകപ്പാട്ടം നമ്പർ എന്നിവ ഉണ്ടായിരുന്നതാണ്, എന്നാൽ നിലവില് പ്രസ്തുത രജിസ്റ്റർ നഷ്ടപ്പെട്ടുപോയിരിക്കുന്നു. 12.05.15 ലെ 11(19)-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം പഞ്ചായത്ത് ഭരണസമതി കുത്തകപാട്ട ഭൂമി അന്യാധീനപ്പെടാതെ തിരിച്ചു പിടിക്കുന്നതിനുവേണ്ട നിയമനടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിരുന്നതാണ്, എന്നാൽ തുടർനടപടികള് സ്വീകരിച്ചിട്ടില്ല (മുൻ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4, 2014-15 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-10 കാണുക). കുത്തകപ്പാട്ടത്തിന് നൽകിയ വസ്തുക്കള് സംബന്ധിച്ച വിശദാംശം റവന്യൂ വകുപ്പിൽ നിന്നും ശേഖരിക്കുന്നതിനും അതനുസരിച്ച് രേഖകൾ തയ്യാറാക്കി കുത്തകപ്പാട്ടം പിരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

ഇൗ വിഷയത്തിലേയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങള്

### 3-1 സ്റ്റാമ്പ് വാങ്ങൽ-സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിലില്ല

വൗച്ചർ നമ്പർ 21600173/9.6.16 പ്രകാരം 1750 രൂപ സ്റ്റാമ്പ് വാങ്ങാനായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ സ്റ്റാമ്പ് വാങ്ങിയതായി സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ടി സ്റ്റാമ്പുകൾ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന് കത്തുകൾ അയച്ചപ്പോള് ചെലവായതാണെന്നും ആയത് രജിസ്റ്ററില് രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കാമെന്നും മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ സ്റ്റാമ്പ് വാങ്ങുന്നതിന് പിൻവലിച്ച 1750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-2 സ്യൂട്ട് രജിസ്റ്ററില് ചേർക്കാതെ വക്കീല് ഫീസ് നൽകി

ബഹു.കേരള ഹൈക്കോടതിയിൽ നിലവിലുള്ള WP(c) 14984/16 നമ്പര് കേസിന് വക്കീല് ഫീസ് ഇനത്തിലായി വൗച്ചർ നമ്പര് 21600168/3.6.16 പ്രകാരം അഡ്വ.ടി ആർ ഹരികുമാറിന് 6500 രൂപ നൽകിയിരുന്നു. പിന്നീട് ഇതേ കേസിന് തന്നെ വൗച്ചര് നമ്പർ 21600395/27.9.16 പ്രകാരം 6500 രൂപ കൂടി നൽകി. കേസിന്റെ വിശദാംശങ്ങളും രണ്ടാമത് തുക നൽകിയതിന്റെ വിവരങ്ങളും സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കേസിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമല്ല. സ്യൂട്ട് രജിസ്റ്ററിൽ ചേർക്കാതെ വക്കീല് ഫീസ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകിയപ്പോള് ഫീസ് നൽകിയ വിവരം സ്യൂട്ട് രജിസ്റ്ററിൽ ചേർത്ത് ഹാജരാക്കി. എന്നാൽ കേസിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. ആയതിനാൽ ഈ ഇനത്തിലുള്ള 13000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്യൂട്ട് രജിസ്റ്റര് പ്രകാരം 28 കേസുകള് പെൻഡിംഗുണ്ട്. എന്നാൽ കേസിന്റെ വിശദാംശങ്ങളും തുടർവിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

### 3-3 തെരുവുവിളക്കുകൾ സ്ഥാപിക്കൽ-പ്രവർത്തനക്ഷമമാകാത്തത് സംബന്ധിച്ച്

തൻവർഷം രണ്ട് പ്രോജക്ടുകളിലായി എഡിസൺ ഇലക്ട്രോണിക്സ്, തിരുവാങ്കുളം എന്ന സ്ഥാപനത്തിൽ നിന്നും LED ബൾബുകള് വാങ്ങി ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളില് സ്ഥാപിച്ചതായി വാർഡ് മെമ്പർമാര് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പര് | ചെലവ് | വൗച്ചർ നമ്പര് | ലൈറ്റുകളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 156/17 | 99360(തനത് ഫണ്ട്) | 21601006/30.3.17 | 72 |
| 35/17 | 82000(വികസനഫണ്ട്)<br>98410(ധ.ക.ഗ്രാന്റ്) | 21601026/30.3.17<br>21601027/30.3.17 | 131 |

മേൽ സൂചിത ലൈറ്റുകൾ സ്ഥാപിച്ചെങ്കിലും ആയതിന്റെ പ്രവർത്തനം സംബന്ധിച്ച് വിവിധ വാർഡുകളിൽനിന്ന് വ്യാപകപരാതികളാണ് ഉണ്ടായത്. ഭരണസമിതിയുടെ 24.7.17 ലെ 13 നമ്പര് തീരുമാനപ്രകാരം LED ബൾബുകള് അടിയന്തിരമായി റിപ്പയർ ചെയ്യുവാന് എഡിസണ് ഇലക്ട്രോണിക്സിനോട് ആവശ്യപ്പെടാന് തീരുമാനിക്കുകയും 27.6.17 ലെ എ.3-6389/16 നമ്പര് കത്ത് പ്രകാരം സ്ഥാപനത്തിന് കത്ത് നൽകുകയും ചെയ്തു. കരാർ പ്രകാരം ഒരു വർഷത്തെ വാറന്റിയുള്ളതാണ്. ബൾബിന്റെ പ്രവർത്തനം സംബന്ധിച്ച് നിലവിലെ അവസ്ഥ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ബൾബുകള് റിപ്പയര് ചെയ്തുകൊണ്ടിരിക്കുകയാണെന്ന് മറുപടി ലഭ്യമാക്കി. എക്സിറ്റ് മീറ്റിംഗിൽ ബൾബുകളെ സംബന്ധിച്ച് നിരവധി പരാതികളാണ് മെമ്പർമാര് ഉന്നയിച്ചത്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റില് അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കാത്ത പക്ഷം നിയമാനുസൃത തുടർനടപടികള് സ്വീകരിക്കേണ്ടതാണ്.

## 3-4 വെള്ളക്കരം --പിഴ ഒടുക്കിയിയത്--വിശദീകരണം നൽകണം

ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ 244 ടാപ്പുകൾക്ക് പ്രതിവർഷം 5250 രൂപ വീതം അടവാക്കിവരുന്നു.പ്രതിമാസം 106750 രൂപവീതമാണ് വെള്ളക്കരം അടക്കുന്നത്.നാളിതുവരെ ഈ ഇനത്തിൽ കുടിശ്ശികയില്ലാത്തതാണ്. എന്നാൽ 3/17 ലെ ബില്ലിൽ 2135 രൂപ ഫൈന് ഡിമാന്റ് ചെയ്യുകയും വൗച്ചര് നമ്പര് 21600924/20.3.17 പ്രകാരം 108885 രൂപ പിൻവലിച്ച് തുക അടവാക്കുകയും ചെയ്തു. ഫൈൻ ഇനത്തില് തുക അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. ഫൈൻ ഇനത്തില് തുക അടവാക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 3-5 ആശുപത്രികൾക്ക് മരുന്നു വാങ്ങല് - മരുന്നുകള് ലഭ്യമായിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

**I** പ്രോജക്ട് : **159/17 &180/17** ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങല്

1.അടങ്കൽ : 100000(വികസന ഫണ്ട്)

ചെലവ് : 100000 (അക്കൗണ്ട് ട്രാൻസ്ഫര് )
വൗച്ചർ നം.12600869 തീ.10.03.2017

2 .അടങ്കൽ : 51000(വികസന ഫണ്ട്)

ചെലവ് : 51000(അക്കൗണ്ട് ട്രാൻസ്ഫർ )
വൗച്ചർ നം.12600998 തീ.29.03.17

മേൽ പ്രോജക്ടുകൾ പ്രകാരം, ചെമ്പ് ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 100000 + 51000 =151000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് മരുന്നുകൾ ഒന്നും ലഭ്യമായിട്ടില്ല. ലഭ്യമാക്കിയ മറുപടിയിൽ ഹോംകോ മരുന്ന് ലഭ്യമാക്കുന്നതിലുള്ള കാലതാമസം മൂലമാണ് ഈ അപാകത സംഭവിച്ചത് എന്ന് അറിയിച്ചു. ചെലവ് നിരീക്ഷിക്കുന്നതിലേക്കായി ചെലവ് തുക 151000/- രൂപ തടസ്സപ്പെടുത്തുന്നു.

**II** പ്രോജക്ട് നമ്പര് **99/17-** ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങല്

വൗച്ചർ നമ്പര് 121600809 തീയതി 25.02.2017. മേൽ പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി 3,00,000 രൂപ (സംരക്ഷണഗ്രാന്റ്-NR) ചെലവഴിച്ചിട്ടുണ്ടെങ്കിലും (അക്കൗണ്ട് ട്രാൻസ്ഫർ) ഔഷധിയിൽനിന്ന് 191901 രൂപയുടെ മരുന്നുകള് മാത്രമേ ലഭ്യമായുള്ളൂ എന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയില് വ്യക്തമായി (ഇൻവോയിസ് നമ്പര് 2601/30.3.17, 90028191/31.7.17). 108099 രൂപയുടെ മരുന്ന് ലഭ്യമാക്കാനുണ്ട്. മരുന്ന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 108099/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഭവന നിർമ്മാണം - തുക കൈപ്പറ്റിയവര് പണിപൂർത്തീകരിച്ചിട്ടില്ല

1.പ്രോജക്ട് 7/17 ഭവനനിർമ്മാണം

ഭവന നിർമ്മാണത്തിനായി കരാറില് ഏർപ്പെട്ടവരില് നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങള് താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | എഗ്രിമെന്റ് തീയതി | കൈപ്പറ്റിയ തുക | സ്റ്റേജ് |
|---|---|---|---|---|
| 1 | വി ജെ രമേശൻ , നടുവത്തേഴത്ത്, ഏനാദി | 20.03.2015 | 80000 | ബേസ്മെന്റ് |
| 2 | ശ്രീനിവാസൻ, കമ്പിയ്കകത്ത്, ചെമ്പ് | 28.01.2015 | 20000 | വാനംമാന്തി |
| 3 | മണി, അമ്പാട്ട്, ഏനാദി | 9.03.2015 | 180000 | മേൽക്കൂര വരെ |
| 4 | ജീവൻ, വെട്ടോളിയില്, ഏനാദി | 20.3.2015 | 140000 | ഭിത്തിപൊക്കം |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കാൻവേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ഭവന നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

ചുവടെ ചേർക്കുന്ന ചെലവു തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് തുക/ഫണ്ട് | വൗച്ചർ നമ്പർ<br><br>തുക സ്വീകരിച്ച ഓഫീസ് |
|---|---|---|---|---|
| 1 | 121/17കന്നുകുട്ടിപരിപാലനം | വെറ്ററിനറിസർജന് | 412500 | 21600994/29.3.17<br>അസി.ഡയറക്ടർ കാഫ്ഫീഡ് സബ്സിഡി,കോട്ടയം |
| 2 | 181/17<br>പി.എം.എ.വൈ(ജനറൽ) | വി.ഇ.ഒ,ബ്രഹ്മമംഗലം | 80000 | 21600974/27.3.17<br><br>സെക്രട്ടറി,<br>വൈക്കം ബ്ളോക്ക് |
| 3 | 182/17 പി.എം.എ.വൈ<br>(എസ്.സി.പി) | അസി.സെക്രട്ടറി | 40000 | 21600967/27.3.17<br><br>സെക്രട്ടറി,<br>വൈക്കം ബ്ളോക്ക് |
| 4 | 148/17 എസ്.എസ്.എ<br>വിഹിതം (ജനറൽ) | ഹെഡ്മിസ്ട്രസ്സ് | 200000<br>(വികസനഫണ്ട്) | 21600692/29.12.16<br><br>പ്രോജക്ട്ഓഫീസർ,<br>എസ്.എസ്.എ |
| | | ആകെ | **732500** | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ 732500രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>ഭാഗം -4</u>

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക്പഞ്ചായത്ത് | 2016-17 | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 100000 | പാലിയേറ്റീവ് പരിചരണം | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 100000 | ജൈവപച്ചക്കറിഗ്രാമം | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങള്

തുക നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷന് അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ തിരിച്ചടക്കാന് തുക അവശേഷിക്കുന്നില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തുക, വർഷം | പ്രാരംഭബാക്കി | 16-17പലിശ | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ബ്രഹ്മമംഗലം ഗ്രാമസ്വരാജ് എസ്.സി.ബി<br>FD No.3435 | 118780<br>11.11.03 | 359101 | 35910 | 395011 |
| 2 | പോസ്റ്റോഫീസ്,ബ്രഹ്മമംഗലം<br>FD No.740464 | 822.25<br>24.3.86 | 822.25 | ലഭ്യമല്ല | 822.25 |
| | ആകെ | 119602.25 | 359923.25 | 35910 | 395833.25 |

| | |
|---|---|
| വർഷാരംഭത്തില് ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 359923.25 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 35910 |
| ആകെ | 395833.25 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 395833.25 |

ലഭ്യമായ എഫ്.ഡി രസീതിൽ നിന്നും ബാങ്ക് സ്ക്രോളിൽ നിന്നുമുള്ളതാണ് മേൽ വിവരങ്ങൾ.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തന് വർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടില് ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം- ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 45622935.68 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 41642014 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1006349 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം – ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1750 | ശ്രീ.മൊയ്തുണ്ണിക്കുട്ടി, സെക്രട്ടറി |
| 3-2 | 13000 | |
| 3-5 (1) | 151000 | ശ്രീമതി ഷൈൻ ബി, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-5 (2) | 108099 | |
| 3-7(1) | 412500 | ശ്രീ.എ.ജി.ജിയോ, വെറ്ററിനറി സർജന് |
| 3-7(2) | 80000 | ശ്രീ എ.പി.റജിമോൻ, വി.ഇ.ഒ.ബ്രഹ്മമംഗലം |
| 3-7(3) | 40000 | ശ്രീ.ജി.രഘുനാഥൻ, അസി.സെക്രട്ടറി |
| 3-7(4) | 200000 | ശ്രീമതി സുഹറ, ഹെഡ്മിസ്ട്രസ് |
| ആകെ | 1006349 | |

(സി) കേന്ദ്ര–സംസ്ഥാന സർക്കാരുകള്, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം – ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതല് അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ-ബാധകമല്ല

## 4-9 തീർപ്പാക്കാന് അവശേഷിക്കുന്ന റിപ്പോർട്ടുകള്

| ഓഡിറ്റ് വർഷം | ഈ വകുുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ |
|---|---|